"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ജെ2/194/2019
പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26/11/2019

<u>സർക്കുലർ</u>

വിഷയം:- പൊ.വി.വ-എയ്ഡഡ് സ്കൂൾ-അധികഡിവിഷൻ തസ്തികകളിൽ നിയമിതരായവർക്ക് പുതുക്കിയ കെ.ഇ.ആർ ഭേദഗതികൾ പ്രകാരമുള്ള നിയമനാംഗീകാരം - മാനേജർ സത്യപ്രസ്താവന ലഭ്യമാക്കുന്നതു സംബന്ധിച്ച്

സൂചന:- 1.3.12.2016 ലെസ.ഉ(പി)199/2016/പൊ.വി.വ
2. .28.2.2019 ലെ ജി.ഒ (പി)3/2019/പൊ.വി.വ
3.സർക്കുലർ നം.ജെ2/57/2019/പൊ.വി.വ തീയതി 8.3.2019
4. സർക്കുലർ നം.ജെ2/115/2019/പൊവിവ തീയതി 8.6.2019
5.31.10.2019ലെ H2/39176/2019/ഡി.ജി.ഇ നമ്പർ കത്ത്

************************

എയ്ഡഡ് സ്കൂളുകളിലെ സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം തുടങ്ങിയ വിഷയങ്ങളിൽ സൂചന(1) പ്രകാരം കെ ഇ ആറിൽ ഭേദഗതി വരുത്തിയിരുന്നു. സൂചന (2.) പ്രകാരം ഈ ഉത്തരവിന് ചില ഭേദഗതികൾ കൂടി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി സൂചന(3) പ്രകാരം സ്പഷ്ടീകരണം പുറപ്പെടുവിക്കുകയുണ്ടായി. കെ.ഇ.ആർ അദ്ധ്യായം XXI ചട്ടങ്ങൾ 7(2), 7(3)എന്നിവ പ്രകാരം സംരക്ഷിതാധ്യാപകരെ മാത്രം നിയമിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് അംഗീകൃത ഒഴിവ് മാറ്റിവച്ചിട്ടുണ്ടെങ്കിൽ/01.06.2019 നകം അംഗീകൃത ഒഴിവ് മാറ്റിവയ്ക്കുന്നുവെങ്കിൽ അത്തരം സ്കൂളുകളിലെ ബന്ധപ്പെട്ട മറ്റ് നിയമനങ്ങൾക്ക് നിയമനതീയതി മുതൽ തന്നെ അംഗീകാരം നൽകാവുന്നതാണെന്നും എന്നാൽ സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി മാറ്റി വച്ചിട്ടുള്ള /01.06.2019 നകം മാറ്റിവയ്ക്കുന്ന ഒഴിവ് തസ്തിക നിർണ്ണയ പ്രകാരം വ്യവസ്ഥാപിതമാണെന്ന് ഉറപ്പ് വരുത്തുന്നതിനും അപ്രകാരം ഒഴിവ് മാറ്റിവച്ചിട്ടുണ്ടെന്ന സത്യപ്രസ്താവന മാനേജരിൽ നിന്ന് ലഭ്യമാക്കിയതിനും

ശേഷം മാത്രമേ ബന്ധപ്പെട്ട മറ്റുള്ളവരുടെ നിയമനാംഗീകാരം പരിഗണിക്കേണ്ടതുള്ളുവെന്നും ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് നിലനില്ക്കുന്നതു മൂലം അനുവദിക്കുന്ന ഈ ഇളവ് 01..06.2019 മുതൽ ഉണ്ടായിരിക്കുന്നതല്ലായെന്നും 01.06.2019 മുതൽ ഇത്തരം നിയമനങ്ങൾക്ക് ചട്ടം 7(5) ലെ വ്യവസ്ഥ പ്രകാരം മാത്രമേ നിയമനാംഗീകാരം നൽകേണ്ടതുള്ളൂ എന്നും സൂചന(3)ലെ സർക്കുലറിലെ ഖണ്ഡിക III പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. 01..06.2019 എന്ന തീയതി പിന്നീട് 06.06.2019 എന്ന് സൂചന(4) പ്രകാരം ദീർഘിപ്പിച്ചിട്ടുണ്ട്.

2) അതനുസരിച്ച് 06.06.2019 വരെയുണ്ടായ ഒഴിവുകൾ സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനായി മാറ്റിവയ്ക്കുകയും സൂചന(2)ലെ സർക്കുലറിലെ ഖണ്ഡിക III പ്രകാരം സത്യപ്രസ്താവന സമർപ്പിക്കുകയും ചെയ്ത ചില മാനേജർമാരുടെ സ്കൂളുകളിൽ അപ്രകാരം മാറ്റി വച്ച ചില തസ്തികകൾ 2019-2020 വർഷത്തെ സ്റ്റാഫ് ഫിക്സേഷനിൽ ഇല്ലാതായ സാഹചര്യം നിലനില്ക്കുന്നെന്നും തൻമൂലം സത്യപ്രസ്താവന നൽകുക വഴി അംഗീകാരം ലഭിക്കേണ്ട അധ്യാപകർക്ക് അംഗീകാരം ലഭിക്കാത്ത അവസ്ഥയുണ്ടായിട്ടുണ്ടെന്നും സൂചന(5) പ്രകാരം പൊതുവിദ്യാഭ്യാസഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അതേ സമയം സത്യപ്രസ്താവന നൽകിയ അത്തരം സ്കൂളുകളിൽ 2019-20 പ്രാബല്യത്തിൽ ഒന്നിലധികം മറ്റു അധിക തസ്തികകളും ഉണ്ടായിട്ടുണ്ടെന്നും ആയതിനാൽ മുമ്പ് മാനേജർ ചൂണ്ടിക്കാണിച്ചതും തസ്തികനഷ്ടം വന്നതുമായ തസ്തികകൾക്കുപകരം 15.7.2019ന് പ്രാബല്യത്തിൽ വന്ന മറ്റു അധിക തസ്തികകൾ ഏതെങ്കിലും മാറ്റിവയ്ക്കാൻ അനുവദിച്ചുകൊണ്ടും നേരത്തെ നൽകിയ സത്യ പ്രസ്താവന അതിന്റെ അടിസ്ഥാനത്തിൽ പുതുക്കി നൽകാൻ അനുവദിച്ചുകൊണ്ടും, നിലവിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് നിയമനാംഗീകാരം നല്കാവുന്നതാണെന്ന നിർദ്ദേശം പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

3) സർക്കാര്യം ഇക്കാര്യം പരിശോധിച്ചു. സൂചന(3) സർക്കുലറിലെ ഖണ്ഡികIII പ്രകാരം മാനേജർമാർ സത്യപ്രസ്താവന നൽകിയ സ്കൂളുകളിൽ, സംരക്ഷിതാധ്യാപകരുടെ നിയമനത്തിനായി മാറ്റിവച്ച തസ്തിക/തസ്തികകൾ 2019-2020 ലെ തസ്തിക നിർണ്ണയത്തിൽ നഷ്ടമാകുകയാണെങ്കിൽ പ്രസ്തുത തസ്തിക/തസ്തികകൾക്ക് പകരം അവിടെ 15.7.2019ന് നിലവിൽ വന്ന മറ്റ് അധിക തസ്തിക/അധിക തസ്തികകൾ മാറ്റിവയ്ക്കാൻ അനുവദിച്ചു കൊണ്ടും അത്തരം അധിക തസ്തികകളെ ചട്ടം 7(2)ൽ പ്രതിപാദിക്കുന്ന അധിക തസ്തികകളുടെ ഗണത്തിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നു വ്യക്തമാക്കിക്കൊണ്ടും നിർദ്ദേശം പുറപ്പെടുവിക്കുന്നു. ഇപ്രകാരം പകരം മാറ്റിവയ്ക്കുന്നതായ 15.7.2019ന് നിലവിൽ വന്ന മറ്റ് അധിക തസ്തിക/അധിക തസ്തികകൾ സംബന്ധിച്ച് മാനേജർമാർ ലഭ്യമാക്കുന്ന പുതുക്കിയ സത്യപ്രസ്താവനയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ഒഴിവുകൾ വ്യവസ്ഥാപിതമാണെന്ന് ഉറപ്പുവരുത്തിയശേഷം മുമ്പ് നടത്തിയ നിയമനങ്ങൾ നിയമന തീയതി മുതൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക്

അംഗീകരിക്കാവുന്നതാണ്.

**എ. ഷാജഹാൻ**
**സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ&ഇ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,കൈറ്റ്,തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാനായി)
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്(വെബ് &ന്യൂ മീഡിയ)/(പ്രസ്സ് റിലീസ്)വകുപ്പ്
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:-
പൊതു വിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എക്ക്
പൊതു വിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ